4TH ESTATE
THE JOURNALISM STUDENTS OF LISSAH

# കടലാസ്

ക്യാമ്പസിന്റെ ശബ്ദം

Publication by Journalism students of LISSAH

27 ജനുവരി 2023

## റിപ്പബ്ലിക് ദിനം ആഘോഷിച്ചു



വിക്രം മൈതാനത്ത് നടന്ന റിപ്പബ്ലിക് ദിനാഘോഷ പരിപാടിയിൽ മന്ത്രി എ. കെ.ശശീന്ദ്രൻ അഭിവാദ്യം സ്വീകരിക്കുന്നു.

**കോഴിക്കോട്:**മതനിരപേക്ഷ മൂല്യങ്ങൾ സംരക്ഷിക്കാൻ പൗരന്മാർ പ്രതിജ്ഞാബദ്ധരാണെന്നും ഇതിനായി സ്വയം മുന്നോട്ടുവരണമെന്നും മന്ത്രി എ.കെ.ശശീന്ദ്രൻ പറഞ്ഞു. ജില്ലാതല റിപ്പബ്ലിക് ദിനാഘോഷത്തിൽ അഭിവാദ്യം സ്വീകരിക്കുകയായിരുന്നു മന്ത്രി.

ഭരണഘടനയോടുള്ള കൂറും ആദരവും പുലർത്തുക എന്നതാണ് പൗരധർമമെന്നും മന്ത്രി പറഞ്ഞു. റിപ്പബ്ലിക് ദിനാഘോഷത്തിൽ അഭിവാദ്യം സ്വീകരിക്കുകയായിരുന്നു മന്ത്രി .പൊലീസ്, അഗ്നിരക്ഷാ സേന, ഫോറസ്റ്റ്, എൻസിസി, എൻഎസ്എസ്, എസ്പിസി ഉൾപ്പെടെ 27 പ്ലാറ്റൂണുകൾ പരേഡിൽ പങ്കെടുത്തു. മികച്ച പരേഡിനുള്ള ട്രോഫി സിറ്റി പൊലീസ് ഡിസ്ട്രിക്ട് ഹെഡ് ക്വാർട്ടേഴ്സിനും മാവൂർ ജിഎച്ച്എസ്എസിലെ വിദ്യാർഥികൾക്കും മന്ത്രി കൈമാറി. തുടർന്ന് വിദ്യാർഥികൾ ദേശഭക്തിഗാനം ആലപിച്ചു.

സെന്റ് ജോസഫ്സ് ആംഗ്ലോ ഇന്ത്യൻ സ്കൂൾ വിദ്യാർഥികൾ ബാൻഡ് മേളം അവതരിപ്പിച്ചു.മേയർ ബീന ഫിലിപ്, തോട്ടത്തിൽ രവീന്ദ്രൻ എംഎൽഎ, എഡിഎം സി.മുഹമ്മദ് റഫീഖ്, സിറ്റി ജില്ലാ പൊലീസ് മേധാവി രാജ്പാൽ മീണ, റൂറൽ ജില്ലാ പൊലീസ് മേധാവി ആർ.കറുപ്പുസ്വാമി, സ്വാതന്ത്ര്യ സമര സേനാനികൾ തുടങ്ങിയവർ പങ്കെടുത്തു.

## കടലുണ്ടി കമ്യൂണിറ്റി റിസർവിൽ പക്ഷികളുടെ കണക്കെടുപ്പ്



**കടലുണ്ടി** - ഏഷ്യൻ ജലപക്ഷി കണക്കെടുപ്പിന്റെ ഭാഗമായി മലബാർ നാചുറൽ ഹിസ്റ്ററി സൊസൈറ്റിയും കോഴിക്കോട് ബേഡേഴ്സും ചേർന്ന് കടലുണ്ടി കമ്യൂണിറ്റി റിസർവിൽ പക്ഷി സർവേ നടത്തി. നേരത്തെ റിസർവിൽ കാണപ്പെട്ടിരുന്ന കടൽക്കാക്കകളുടെയും ആളകളുടെയും വരവ് കുറയുന്നതായാണ് കണ്ടെത്തൽ.അഴിമുഖത്തെ സ്വാഭാവിക മണൽത്തിട്ടകളുടെ അഭാവവും മത്സ്യബന്ധന ബോട്ടുകളുടെ സാന്നിധ്യവും ദേശാടനപ്പക്ഷികളുടെ വരവിനെ ബാധിച്ചതായി സർവേ സംഘം വിലയിരുത്തി.

36 ഇനം പക്ഷികളെയാണു സർവേയിൽ കണ്ടെത്തിയത്. ഇവയിൽ പച്ചക്കാലി, ചോരക്കാലി, വരവാലൻ ഗോഡ്വിറ്റ്, പെരാൻ മണൽക്കോഴി, ചാര മണൽക്കോഴി, വാൾ കൊക്കൻ എന്നീ 8 ഇനം ദേശാടനക്കിളികളാണ്. വനം ഉദ്യോഗസ്ഥരും 15 പക്ഷിനിരീക്ഷകരും ഉൾപ്പെട്ടതായിരുന്നു സർവേ സംഘം .പഞ്ചായത്ത് പ്രസിഡന്റ് വി .അനുഷ ഉദ്ഘാടനം ചെയ്തു. കമ്യൂണിറ്റി റിസർവ് ചെയർമാൻ പി.ശിവദാസൻ അധ്യക്ഷത വഹിച്ചു. പക്ഷിനിരീക്ഷകരായ വി.കെ.മുഹമ്മദ് ഹിറാഷ്, യദു പ്രസാദ്, പി.കെ.സുജീഷ് എന്നിവർ നേതൃത്വം നൽകി.

## ആർക്കും അന്യമാകില്ല അക്ഷരമുറ്റം; ക്ലാസ്സ് മുറി ഇനി വീട്ടിലും

**കോഴിക്കോട്** - എല്ലാവർക്കും വിദ്യാഭ്യാസമെന്ന ആശയവുമായി തീവ്രചലന പരിമിതിക്കാരായ വിദ്യാർഥികൾക്കും മറ്റു രോഗങ്ങളാൽ വിദ്യാലയത്തിൽ എത്താൻ സാധിക്കാത്ത വിദ്യാർഥികൾക്കും വെർചൽ ക്ലാസ്സ്റൂം ഒരുക്കാൻ സമഗ്രശിക്ഷ കേരള വിദ്യാലയത്തിൽ എത്താൻ സാധിക്കാത്ത 8427 കുട്ടികളാണ് ഇപ്പോഴുള്ളത്.

ഒന്നാംഘട്ടത്തിൽ സാധാരണ സ്കൂളിൽ പോകുന്ന കുട്ടിക്ക് ഒരാഴ്ച 25 മണിക്കൂർ പഠന പിന്തുണ ലഭിക്കുമ്പോൾ ഗൃഹാധിഷ്ഠിത വിദ്യാഭ്യാസം നൽകുന്ന കുട്ടിക്ക് ഒരാഴ്ചയിൽ കിട്ടുന്നത് രണ്ടോ മൂന്നോ മണിക്കൂറാണ്. ഇത് പഠന വിടവിന്റെ പ്രധാന കാരണമായും മാറുന്നു. ഈ പ്രശ്നം മറികടക്കാനും വിദ്യാർഥികൾക്ക് വീട്ടിലിരുന്ന് തത്സമയം ക്ലാസ്സുകൾ കാണാനും ക്ലാസ്സിലെ മറ്റ് ഏത് കുട്ടിയെയും പോലെ സംശയങ്ങൾ അധ്യാപകരോട് ചോദിക്കാനും കൂട്ടുകാരുമായി ആശയവിനിമയം നടത്താനും സാഹചര്യം ഒരുക്കുന്നതാണ് വെർച്ചൽ ക്ലാസ് റൂമുകളെന്ന് സമഗ്ര ശിക്ഷ കേരളം സ്റ്റേറ്റ് പ്രോഗ്രാം ഓഫീസർ ഷൂജ എസ്.വൈ. പറഞ്ഞു.

ക്ലാസ് റൂമിൽ 360 ഡിഗ്രി ക്യാമറയും അനുബന്ധ സാമഗ്രികളും സജ്ജീകരിക്കുന്നതോടൊപ്പം കുട്ടിയുടെ വീട്ടിൽ നെറ്റ് സൗകര്യത്തോടെ ടാബും സജ്ജീകരിക്കുന്നു.



കമ്പൈൻഡ് ഇമ്മ്യൂണോ ഡെഫിഷ്യൻസി എന്ന അസുഖത്താൽ പ്രതിരോധ ശേഷിയില്ലാത്തത് കാരണം സ്കൂളിലെത്താൻ കഴിയാത്ത വിദ്യാർഥി

ഇത് പഠന വിടവിന്റെ പ്രധാന കാരണമായും മാറുന്നു. ശേഷം ടൈം ടേബിൾ പ്രകാരം കുട്ടിക്ക് വീട്ടിലിരുന്ന് ക്ലാസ് പ്രവർത്തനങ്ങളിൽ ഇടപെടാവുന്നതാണ്. ഇത് പഠന വിടവിന്റെ പ്രധാന കാരണമായും മാറുന്നു. 336 കുട്ടികൾക്കാണ് വെർചൽ ക്ലാസ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. സ്കൂളിലെത്താൻ കഴിയാത്ത കുട്ടികൾക്ക് ഗൃഹാധിഷ്ഠിത വിദ്യാഭ്യാസം മാത്രം പോരായെന്ന തിരിച്ചറിവിൽ നിന്നാണ് കോഴിക്കോട് ജില്ലയിലെ കുന്നുമ്മൽ ബിആർസി ഈ ഒരു സംവിധാനത്തെ പറ്റി ആദ്യമായി ആലോചിച്ചത്. 2018ൽ കോഴിക്കോട് ജില്ലയിലെ കായക്കൊടി പഞ്ചായത്തിലെ കെപിഎച്ച്എസ് കായക്കൊടി സ്കൂളിലാണ് ഈ പദ്ധതി സന്നദ്ധ സംഘടനകളുടെ സഹായത്തോടെ പരീക്ഷണ അടിസ്ഥാനത്തിൽ ആദ്യമായി നടപ്പിലാക്കിയത്.

കമ്പൈൻഡ് ഇമ്മ്യൂണോ ഡെഫിഷ്യൻസി എന്ന അസുഖത്താൽ പ്രതിരോധശേഷിയില്ലാത്തത് കാരണം സ്കൂളിലെത്താൻ കഴിയാത്ത വിദ്യാർഥിക്കായിരുന്നു പദ്ധതി നടപ്പിലാക്കിയത്. കുട്ടികൾക്കാണ് വെർചൽ ക്ലാസ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ഇത് പഠന വിടവിന്റെ പ്രധാന കാരണമായും മാറുന്നു. സ്കൂളിന്റെ അന്നത്തെ പ്രധാന അധ്യാപികയായിരുന്ന കമല ടീച്ചറുടെ നേതൃത്വത്തിൽ അധ്യാപകർ ക്ലാസ് നൽകിയതോടെ 60 ശതമാനത്തിലധികം മാർക്കോടെ എസ്എസ്എൽസിയും പ്ലസ്ടുവും ഈ വിദ്യാർഥി പൂർത്തിയാക്കി.

പദ്ധതി വിജയിച്ചതോടെ നരിപ്പറ്റ പഞ്ചായത്തിലെ ആർഎൻഎം ഹൈസ്കൂളിലെ സെറിബൽ പാഴ്സി ബാധിച്ച ഒരു വിദ്യാർഥിക്കും ചീക്കോന്ന് യുപി സ്കൂളിലെ മസ്കുലർ ഡിസ്ട്രോഫി ബാധിച്ച മറ്റൊരു വിദ്യാർഥിക്കും ഈ പദ്ധതി സന്നദ്ധസംഘടനകളുടെ സഹായത്തോടെ നടത്തി വിജയിപ്പിച്ചു. തുടർന്ന് ക്ലാസ് റൂമിന്റെ പ്രവർത്തനങ്ങൾ സമഗ്രശിക്ഷ കോഴിക്കോട് ഏറ്റെടുത്തു.

## തെരുവുനായ്ക്കളുടെ ആക്രമണം;16 പേർക്കു പരുക്ക്

**കോഴിക്കോട്:** രണ്ടിടത്ത് തെരുവുനായ്ക്കളുടെ ആക്രമണം. അധ്യാപിക അടക്കം 16 പേർക്ക് പരുക്കേറ്റു. പയ്യാനക്കലിലും വേങ്ങേരിയിലുമാണ് സംഭവം. പയ്യാനക്കൽ ചുള്ളിയോട് വീട്ടിൽ ഓടിക്കയറിയ തെരുവുനായ വീട്ടമ്മയെ ആക്രമിച്ചു. വീട്ടുകാർ ബഹളം വച്ചപ്പോൾ ഓടിപ്പോയ നായ തൊട്ടടുത്ത വീട്ടിലെ കുട്ടിയെയും രക്ഷിക്കാൻ ശ്രമിച്ചവരെയും കടിച്ചു.

പരുക്കേറ്റ കുട്ടിയടക്കം 4 പേരെ മെഡിക്കൽ കോളജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. പയ്യാനക്കൽ ചുള്ളിക്കാട് ജംക്ഷനു സമീപം പട്ടർതൊടിയിൽ വാക്കിലകം വീട്ടിൽ സുഹറ ബീവി (55), അയൽവാസി ജുബിരിയ (32), ജുബിരിയയുടെ മകൻ അബ്ദുൽ ജബാർ (2), കുറ്റിച്ചിറ സ്വദേശി അബ്ദുൽ ഖയാം (43) എന്നിവരെയാണ് ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. വീട്ടുകാരെ കടിച്ച നായ പിന്നീട് വിവിധ സ്ഥലങ്ങളിലായി 11 വഴിയാത്രക്കാരെയും ആക്രമിച്ചതായി പന്നിയങ്കര പൊലീസ് പറഞ്ഞു. കോർപറേഷൻ ആരോഗ്യ വിഭാഗം എത്തി നായയെ പിടികൂടി.

വേങ്ങേരി -കുലവൻകാവ് റോഡിൽ സ്കൂളിലേക്ക് പോയ അധ്യാപിക സി.ആർ. സീനയെയാണ് നായ്ക്കൾ ആക്രമിച്ചത്. ദേഹത്തേക്കു ചാടിയ നായയെ തട്ടിമാറ്റി തൊട്ടടുത്ത വീട്ടിലേക്ക് ഓടിക്കയറി. ഇതിനിടയിൽ വീണ് കൈക്കു പരുക്കേറ്റു. കഴിഞ്ഞ ആഴ്ച ഇതേ സ്ഥലത്ത് വിദ്യാർഥിയെ നായ ആക്രമിച്ചിരുന്നു. കോർപറേഷൻ അധികൃതരെത്തി ഇവിടെ നിന്നു 3 നായ്ക്കളെ പിടികൂടിയിരുന്നു

# എഴുപത്തിനാലാം റിപ്പബ്ലിക് ദിനത്തിന്റെ നിറവിൽ രാജ്യം

കാവ്യ. എസ്

രാജ്യം ഇന്ന് 74ാം റിപ്പബ്ലിക് ദിനം ആഘോഷിക്കുന്നു. 1950ൽ നമ്മുടെ രാജ്യത്ത് ഭരണഘടന പ്രാബല്യത്തിൽ വന്ന ദിവസത്തിന്റെ അടയാളമാണ് റിപ്പബ്ളിക് ദിനാഘോഷം. ഒരു സ്വതന്ത്ര ജനാധിപത്യ രാജ്യത്തിന്റെ നിയമസംഹിതയാണ് ഭരണഘടന. 395 ആർട്ടിക്കിളുകളും, 8 ഷെഡ്യൂളുകളുമുള്ള ഭരണഘടനയാണ് ഇന്ത്യൻ അസംബ്ലി 1950ൽ അംഗീകരിച്ചത്.

റിപ്പബ്ളിക് ദിനം രാജ്യമൊട്ടാകെ ആഘോഷങ്ങൾ സംഘടിപ്പിക്കപ്പെടുന്നു.വ്യത്യസ്ത ജാതികളും, മതങ്ങളും, പശ്ചാത്തലങ്ങളും നിറങ്ങളുമുള്ള ആളുകൾ അന്ന് ദേശീയത എന്ന ഒറ്റനൂലിൽ ഒന്നിച്ചു കോർത്തെടുക്കുന്ന മുത്തുകൾ പോലെ ചേരുന്നു. വളരെ ആവേശത്തോടെയും ഉത്സാഹത്തോടെയും നമ്മുടെ പൂർവ്വികരുടെ ത്യാഗത്തേയും സമർപ്പണത്തേയും സ്വാതന്ത്ര്യവാഞ്ഛയേയും ഓർമ്മിക്കാനും ആഘോഷിക്കാനും ഈ ദിവസം നമ്മെ ഒരുമിച്ച് ചേർക്കുന്നു. പക്ഷേ റിപ്പബ്ലിക് ദിനം ജനുവരി 26 എന്ന ദിനം ആകസ്മികമായി വന്നു ചേർന്നതല്ല. അതിനൊരു ചരിത്രമുണ്ട്

1929 ഡിസംബർ 29ന് ലാഹോറിൽ ചേർന്ന കോൺഗ്രസ് സമ്മേളനമാണ് പൂർണ സ്വരാജ് അഥവാ സമ്പൂർണ്ണ സ്വയംഭരണം ഇന്ത്യയുടെ ലക്ഷ്യമായി പ്രഖ്യാപിക്കുന്ന പ്രമേയം പാസാക്കിയത്. ജനുവരി 26 ഇന്ത്യയൊട്ടാകെ പൂർണ സ്വരാജ് ദിനമായി ആചരിക്കണമെന്നും തീരുമാനിച്ചു. അങ്ങനെ 1930 ജനുവരി 26നാണ് ആദ്യമായി സമ്പൂർണ സ്വാതന്ത്ര്യദിനം ആഘോഷിച്ചത്. 1947 വരെ ഇത് ആചരിച്ചു. പിന്നീട് ബ്രിട്ടീഷുകാർ അധികാരം വച്ചൊഴിഞ്ഞ ഓഗസ്റ്റ് 15 നമ്മുടെ സ്വാതന്ത്ര്യ ദിനമായി ആഘോഷിക്കാൻ തുടങ്ങി. 1947 ഓഗസ്റ്റ് 15 ന് ബ്രിട്ടനിൽ നിന്ന് ഇന്ത്യ സ്വാതന്ത്ര്യം നേടി. കോളനി ഭരണം ഒഴിഞ്ഞു. ഭരണ നേതൃത്വം ഇന്ത്യാക്കാർക്കു തന്നെ ലഭിച്ചെങ്കിലും അത് സമ്പൂർണ്ണമായിരുന്നില്ല. കാരണം സ്വതന്ത്ര ഇന്ത്യയുടെ ഭരണനിർവ്വഹണത്തിനായി ഒരു ഭരണഘടന ഉണ്ടായിരുന്നില്ല. 1947 മുതൽ 1950 വരെയുള്ള കൈമാറ്റ കാലയളവിൽ ജോർജ്ജ് നാലാമനായിരുന്നു ഇന്ത്യയുടെ ഭരണ തലവൻ. സ്വതന്ത്ര ഇന്ത്യയ്ക്ക് ഭരണഘടന എഴുതിയുണ്ടാക്കുന്ന ബൃഹദ് ദൗത്യം ഡോ. ബി ആർ അംബദ്കർ അദ്ധ്യക്ഷനായ കമ്മിറ്റിയെ ഏൽപ്പിച്ചു. അങ്ങനെ ഭരണഘടനയുടെ ആദ്യ രൂപം 1947 നവംബർ 4ന് കോൺസ്റ്റിറ്റിയുവന്റ് അസംബ്ളിയിൽ സമർപ്പിച്ചു. തുടർന്ന് ഭരണഘടനാ ചർച്ചകൾക്ക് അസംബ്ലി തുടർച്ചയായ ദിവസങ്ങളിൽ സമ്മേളിച്ചു. ഒടുവിൽ ഒട്ടേറെ ചർച്ചകൾക്കും മാറ്റങ്ങൾക്കും അവസാനം 395 ആർട്ടിക്കിളുകളും, 8 ഷെഡ്യൂളുകളുമുള്ള ഭരണഘടന അസംബ്ലി അംഗീകരിച്ചു. 1950 ജനുവരി 24നാണ് ഭരണഘടനയുടെ ലിഖിത രൂപത്തിന് അസംബ്ളി അംഗീകാരം നൽകുന്നത്. അതനുസരിച്ച് ആദ്യ രാഷ്ട്രപതിയായി തിരഞ്ഞെടുക്കപ്പെട്ട ഡോ. രാജേന്ദ്രപ്രസാദ് ഭരണഘടന അംഗീകരിച്ചുകൊണ്ട് 1950 ജനുവരി 26ന് ഒപ്പിട്ടു. അങ്ങനെ ഇന്ത്യ ജനാധിപത്യ സ്വതന്ത്ര പരമാധികാര രാഷ്ട്രപദവിയിലേക്ക് ഉയർന്നു. ഈ ദിവസത്തിന്റെ ഓർമ്മയും പ്രാധാന്യവും നിലനിർത്താൻ എല്ലാ വർഷവും രാജ്യതലസ്ഥാനമായ ന്യൂഡൽഹിയിൽ സനൈിക പരേഡുകളും സാംസ്കാരിക പരിപാടികളും അരങ്ങേറുന്നു. ദേശീയ പതാക ഉയർത്തി, രാജ്യത്തെ സേവിക്കുന്നതിനിടെ വീരമൃത്യു വരിച്ച രക്തസാക്ഷികൾക്ക് രാഷ്ട്രപതി ആദരാഞ്ജലികൾ അർപ്പിച്ച ശേഷം ആരംഭിക്കുന്ന പരേഡിൽ രാജ്യത്തിന്റെ അഭിമാനവും സമ്പന്നവും വൈവിധ്യവുമായ സാംസ്ക്കാരിക തനിമകൾ പ്രദർശിക്കപ്പെടും. രാഷ്ട്രപതിഭവനു സമീപമുള്ള റൈസിന ഹില്ലിൽ നിന്ന് ഇന്ത്യാഗേറ്റ് വഴി ചുവപ്പ് കോട്ടയിലേക്കാണ് ഘോഷയാത്ര.

ധീരരായ സനൈികർക്ക് പരമവീര ചക്ര, അശോക് ചക്ര, വീർ ചക്ര എന്നിവ ചടങ്ങിൽ സമ്മാനിക്കും അതിപ്രയാസകരമായ സാഹചര്യങ്ങളിൽ ധൈര്യം കാണിച്ച കുട്ടികളെയും പൗരന്മാരെയും പുരസ്കാരങ്ങൾ നൽകി അംഗീകരിക്കുന്നു. രാജ്യത്തിന്റെ പരമാധികാരത്തിന്റെയും സ്വയംഭരണത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും പ്രഖ്യാപനമാണ് നമ്മുടെ സ്വാതന്ത്ര്യ ദിനവും റിപ്പബ്ളിക് ദിനവും .അഭിമാനിക്കാം, ഈ രാജ്യത്തു പിറക്കാനിടയായതിൽ....ജയ് ഹിന്ദ്

രാജ്യത്തിന്റെ പരമാധികാരത്തിന്റെയും സ്വയംഭരണത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും പ്രഖ്യാപനമാണ് നമ്മുടെ സ്വാതന്ത്ര്യ ദിനവും റിപ്പബ്ളിക് ദിനവും.അഭിമാനിക്കാം, ഈ രാജ്യത്തു പിറക്കാനിടയായതിൽ.

# ക്ഷീരകർഷകർക്ക് ആശ്വാസമായി:മൊബൈൽ വെറ്ററിനറി ക്ലിനിക്



ബ്ലോക്ക് വെറ്ററിനറി ക്ലിനിക്കിൽ പശുകിടാവിനെ പുറത്തെടുക്കുന്ന ചിത്രം.

താമരശ്ശേരി -മൃഗസംരക്ഷണ വകുപ്പിന്റെ മൊബൈൽ വെറ്ററിനറി ക്ലിനിക്കുകൾ ജില്ലയിൽ പ്രവർത്തനം ആരംഭിച്ചത് ക്ഷീരകർഷകർക്ക് ആശ്വാസമാകുന്നു. മൃഗസംരക്ഷണ വകുപ്പിന്റെ 1962 എന്ന നമ്പറിൽ വിളിച്ചാൽ മൃഗങ്ങളുടെ ശസ്ത്രക്രിയ ഉൾപ്പെടെയുള്ള സേവനങ്ങൾ കർഷകരുടെ പടിവാതിൽക്കൽ എത്തും.

നിലവിൽ സംസ്ഥാനത്തെ ഓരോ ജില്ലയിലും 2 ബ്ലോക്കുകളിൽ വീതമാണ് മൊബൈൽ വെറ്ററിനറി ക്ലിനിക്കുകൾ അനുവദിച്ചിട്ടുള്ളത്. കോഴിക്കോട് ജില്ലയിലെ കൊടുവള്ളി, തൂണേരി ബ്ലോക്കുകളിലാണ് ആദ്യ ഘട്ടത്തിൽ മൊബൈൽ ക്ലിനിക് ആരംഭിച്ചത്. എല്ലാ വിധ സജ്ജീകരണങ്ങളും അടങ്ങിയ വാഹനം, ഒരു വെറ്ററിനറി ഡോക്ടർ, ടെക്നിഷ്യൻ, അറ്റൻഡർ എന്നിവരടങ്ങിയതാണ് യൂണിറ്റ്. സംസ്ഥാനത്തെ മുഴുവൻ ബ്ലോക്കുകളിലും ക്രമേണ വെറ്ററിനറി മൊബൈൽ ക്ലിനിക്കുകൾ ആരംഭിക്കും.

ക്ലിനിക് വഴി ലഭിക്കുന്ന സേവനങ്ങൾക്ക് കർഷകർ നൽകേണ്ട പ്രതിഫലവും നിശ്ചയിച്ചിട്ടുണ്ട്. താമരശ്ശേരി മൃഗാശുപത്രി കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ബ്ലോക്ക് വെറ്ററിനറി ക്ലിനിക്കിന്റെ നേതൃത്വത്തിൽ ആദ്യ ശസ്ത്രക്രിയ കഴിഞ്ഞ ദിവസം കൊടിയത്തൂരിലെ കർഷകനായ എള്ളങ്ങൽ അബ്ദുവിന്റെ പശുവിന് നടത്തി കിടാവിനെ പുറത്തെടുത്ത് രക്ഷിച്ചു. ക്ഷീരകർഷകർക്ക് ആശ്വാസമായി മൊബൈൽ വെറ്ററിനറി ക്ലിനിക് എല്ലാ ജീവൻ രക്ഷാ മരുന്നുകളും ലഭ്യമാവുന്നതോടെ കൂടുതൽ മികച്ച സേവനം കർഷകർക്ക് നൽകാൻ കഴിയുമെന്ന് താമരശ്ശേരി വെറ്ററിനറി സർജൻ ഡോ.എൻ.കെ.ലിനൂപ്‌വ്യക്തമാക്കി.

# അഞ്ചാംപനി: പ്രതിരോധ നടപടി ഊർജിതമാക്കി

നാദാപുരം - അഞ്ചാം പനിക്കെതിരെ പ്രതിരോധ നടപടികൾ ഊർജിതമാക്കി. ജനങ്ങളുടെ സംശയങ്ങൾ പരിഹരിക്കാൻ തെരുവൻപറമ്പിൽ ടേബിൾ ടോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് അഖില മര്യാട്ട് ഉദ്ഘാടനം ചെയ്തു. സ്ഥിരം സമിതി അധ്യക്ഷൻ സി.കെ.നാസർ അധ്യക്ഷത വഹിച്ചു. ഈ മേഖലയിലെ, വാക്സീൻ എടുക്കാത്ത കുട്ടികളുള്ള വീടുകളിൽ 3 തവണ ആരോഗ്യ പ്രവർത്തകർ എത്തിയിട്ടും എംആർ വാക്സീൻ എടുക്കാൻ വിസമ്മതിച്ച സാഹചര്യത്തിലാണ് ജനപ്രതിനിധികൾ, ആരോഗ്യപ്രവർത്തകർ, സന്നദ്ധപ്രവർത്തകർ എന്നിവരുടെ നേതൃത്വത്തിൽ ജനങ്ങളെ ബോധവൽക്കരിക്കുന്നതിനും സംശയങ്ങൾ ദൂരീകരിക്കുന്നതിനുമായി ടേബിൾ ടോക്ക് സംഘടിപ്പിച്ചത്.

അഞ്ചാപനി പ്രതിരോധ വാക്സീൻ എടുക്കാത്ത 300 കുട്ടികൾ നാദാപുരം പഞ്ചായത്തിലുണ്ട്.മെംബർ റീന കിണമ്പ്രെമ്മൽ, താലൂക്ക് ആശുപത്രി സൂപ്രണ്ട് ഡോ. എം.ജമീല, എം.സി.സുബൈർ, പഞ്ചായത്ത് സെക്രട്ടറി ടി. ഷാഹുൽ ഹമീദ്, ഹെൽത്ത് ഇൻസ്പെക്ടർമാരായ കെ.സതീഷ്ബാബു, സുരേന്ദ്രൻ കല്ലേരി, അസിസ്റ്റന്റ് സെക്രട്ടറി ടി.പ്രേമാനന്ദൻ, ഉമേഷ് പെരുവങ്കര, കെ.ടി.കെ. അശോകൻ, ഇ.കുഞ്ഞാലി, എന്നിവർ പ്രസംഗിച്ചു. ഇന്നു രാവിലെ 10 മുതൽ ഉച്ചയ്ക്ക് 1 വരെ അഞ്ചാം പനി പ്രതിരോധ മരുന്ന് നാദാപുരം താലൂക്ക് ആശുപത്രിയിൽ നൽകും. അഞ്ചാംപനി: പ്രതിരോധ നടപടി ഊർജിതമാക്കി

# നിറഞ്ഞ് കവിഞ്ഞ് പെൺഗ്യാലറി



കൊടുവള്ളിയിൽ നടക്കുന്ന കൊയപ്പ സെവൻസ് ഫുട്ബോൾ ടൂർണമെന്റിൽ സ്ത്രീകൾക്കായി ഒരുക്കിയ ഗ്യാലറി.

കൊടുവള്ളി-കൊയപ്പ സെവൻസ് ടൂർണമെന്റിന്റെ ചരിത്രത്തിൽ ആദ്യമായി ഏർപ്പെടുത്തിയ ഷീ ഗ്യാലറിക്ക് വൻ പ്രതികരണം. 38ാമത് കൊയപ്പ ടൂർണ്ണമെന്റിന്റെ ഉദ്ഘാടന മത്സരത്തിൽ തന്നെ പെൺഗ്യാലറി നിറഞ്ഞുകവിഞ്ഞു.

പ്രധാന പവലിയനോട് ചേർന്ന് പ്രത്യേക സുരക്ഷയോടെയാണ് സ്ത്രീകൾക്കും കുട്ടികൾക്കും ഭിന്നശേഷിക്കാർക്കുമായി ഇത്തവണ സംഘാടകർ പ്രത്യേക ഇരിപ്പിടങ്ങളൊരുക്കിയത്.ഖത്തർലോകകപ്പിന്റെആവേശത്തിന് പിന്നാലെയെത്തിയ കൊയപ്പ സെവൻസിൽ ഇത്തവണ സ്ത്രീകളുടെ പ്രാതിനിധ്യമുണ്ടാകണമെന്ന അഭ്യർത്ഥനകളുയർന്നതോടെയാണ് സംഘാടകരായ ലൈറ്റ്നിങ്ങ് ക്ലബ്ബ് പ്രത്യേക സൗകര്യങ്ങളൊരുക്കാൻ തീരുമാനിച്ചത്.

കൊടുവള്ളിയിൽ നടക്കുന്ന കൊയപ്പ സെവൻസ് ഫുട്ബോൾ ടൂർണമെന്റിൽ സ്ത്രീകൾക്കായി ഒരുക്കിയ ഗ്യാലറി. ആദ്യമായി ഗ്രൗണ്ടിൽ കളി കണ്ടതിന്റെ ആവേശത്തിലായിരുന്നു കുട്ടികളുമായെത്തിയ കുടുംബിനികൾ പലരും. ഖത്തർ ലോകകപ്പിന്റെ ആവേശത്തിന് പിന്നാലെയെത്തിയ കൊയപ്പ സെവൻസിൽ ഇത്തവണ സ്ത്രീകളുടെ പ്രാതിനിധ്യമുണ്ടാകണമെന്ന അഭ്യർത്ഥനകളുയർന്നതോടെയാണ് സംഘാടകരായ ലൈറ്റ്നിങ്ങ് ക്ലബ്ബ് പ്രത്യേക സൗകര്യങ്ങളൊരുക്കാൻ തീരുമാനിച്ചത്. ആദ്യമായി ഗ്രൗണ്ടിൽ കളി കണ്ടതിന്റെ ആവേശത്തിലായിരുന്നു കുട്ടികളുമായെത്തിയ കുടുംബിനികൾ പലരും.ലൈറ്റ്നിങ്ങ് ക്ലബ്ബ് പ്രത്യേക സൗകര്യങ്ങളൊരുക്കാൻ തീരുമാനിച്ചത്.

സ്ത്രീകൾക്ക് കളി കാണാൻ സുരക്ഷിതമായ സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്ന് ക്ലബ്ബ് ഭാരവാഹികൾ പറഞ്ഞു.